"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് ധനസഹായം അനുവദിയ്ക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.468/2025/Co-Op തീയതി,തിരുവനന്തപുരം, 31-10-2025

---

പരാമർശം:-
1. 13/05/2025 വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
2. സഹകരണ സംഘം രജിസ്ട്രാറുടെ 19/06/2025ലെ ആർ.സി.എസ്. 5736 /പി &എം ബി(1) നം. കത്ത്.
3. സ.ഉ (സാധാ) നം. 309/2025/സഹ തീയതി 27/06/2025.
4. സർക്കുലർ നം. 36/2024/ധന തീയതി 12/06/2024

**ഉത്തരവ്**

കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ നിലവിലുള്ള പ്രോജക്ടുകളുടെ/സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, നൈപുണ്യ വിജ്ഞാന വികസന കേന്ദ്രം, സാഗര ഹോസ്പിറ്റൽ നവീകരണം എന്നിവയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള 600.00 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

2. കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് മേൽ തുക റിലീസ് ചെയ്യുന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും ആദ്യ ഗഡുവായി 210 ലക്ഷം രൂപ (ഇരുന്നൂറ്റിപ്പത്ത് ലക്ഷം രൂപ മാത്രം) ധനസഹായം (സബ്സിഡി - 2425-108-47-35) ശീർഷകത്തിൽ നിന്നും, നിലവിലെ സീലിംഗ് ലിമിറ്റിൽ പരിമിതപ്പെടുത്തിക്കൊണ്ട് 2025-26 സാമ്പത്തികവർഷത്തിൽ റിലീസ്

ചെയ്ത് നല്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പരാമർശം **(4)** ലെ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട്, പ്രസ്തുത തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും **2025-26** സാമ്പത്തിക വർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.(ബി3/111/2025)

ഉത്തരവിൻ പ്രകാരം

Signed by

Priyanka T V

Date: 01-11-2025 11:25:13

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.